(ഡി) പരിശോധിച്ചിട്ടുണ്ട്. കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശത്ത് നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുകളും വളരെ കൂടുതൽ ആയി മത്സ്യബന്ധനം നടത്തുന്ന പ്രദേശമാണ്. ഇവിടെയുള്ള വിഭവങ്ങളെ കൂടുതലായി ചൂഷണം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ട് ഈ പ്രദേശം ഒരു ബഫർ സോണായി നിലനിർത്തുന്നത് വിദേശ ട്രോളറുകൾക്ക് ഗുണകരമാകാൻ സാധ്യതയുണ്ട്. ഇപ്പോൾത്തന്നെ LOP വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം ക്രമാതീതമായി നടത്തുന്നതുകാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത കുറഞ്ഞുവരികയാണ്. കൂടാതെ LOP വെസ്സലിന് നിരോധിത മേഖലയായി പ്രഖ്യാപിച്ചിരുന്ന കടലിലെ ചില പ്രദേശത്തെ നിരോധനം നീക്കാനുള്ള ശിപാർശ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കും. നിലവിലുള്ള മത്സ്യബന്ധനങ്ങൾക്കുപുറമെ 240 Tuna long lines ഉം 15 purse scines-ഉം 15 squid jigger ഉം ഉൾപ്പെടെ 270 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്ക് EEZ-ൽ മത്സ്യബന്ധനം നടത്തുന്നതിന് അനുവാദം നൽകുന്നതിനുള്ള ശിപാർശയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കും.

(ഇ) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിലെ മത്സ്യത്തൊഴിലാളികളെയും ബോട്ടുടമകളെയും പ്രതികൂലമായി ബാധിക്കും എന്നതിനാൽ ഈ ശിപാർശകൾ തള്ളിക്കളയണമെന്ന് കേന്ദ്ര സർക്കാരിനോട് ആഭ്യർത്ഥിച്ചിട്ടുണ്ട്.

സമുദ്രമത്സ്യബന്ധന നിയമം

115 (120) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമുദ്രമത്സ്യബന്ധന നിയന്ത്രണ നിയമം ലംഘിച്ചു കൊണ്ടുള്ള മത്സ്യബന്ധനം വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) മത്സ്യബന്ധനമേഖലയിൽ ട്രാഷ് ഫിഷിംഗ് കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് , മത്സ്യബന്ധന ചട്ടം അനുസരിച്ച് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കേരള മത്സ്യബന്ധന നിയന്ത്രണ നിയമം ലംഘിച്ചുകൊണ്ടുള്ള മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ കീഴിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇങ്ങനെ മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ ഇംപൗണ്ട് ചെയ്ത് പിഴ ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യ തീറ്റയായും വളമായും ഉപയോഗിക്കുന്നതിനായി കടലിലെ ചെറുമത്സ്യങ്ങളെ ധാരാളമായി പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അതിനെതിരെ അടിയന്തര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്കും മറൈൻ എൻഫോഴ്സ്മെന്റ് വിംഗിനും നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ട്രോൾ ബോട്ടുകളിൽ ഉപയോഗിക്കുന്ന വലയുടെ മിനിമം Mesh size 35 mm ആണ്. 35 mm-ൽ കുറഞ്ഞ കണ്ണി വലിപ്പം ഉള്ള വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധനയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് കണ്ടുകെട്ടി പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരള തീരത്ത് മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടും കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ റൂൾസും നിലവിലുണ്ട്. കൂടാതെ ഉൾനാടൻ മേഖലയിലെ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും, ലഭ്യത ഉറപ്പാക്കുന്നതിനും ഉൾനാടൻ മത്സ്യമേഖല സംരക്ഷിക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2014-ലെ കേരള ഫിഷ് സീഡ് ആക്ട് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ പ്രജനന കാലമായ ജൂൺ 15 മുതൽ ജൂലൈ 31 വരെ വർഷകാല ട്രോളിംഗ് നിരോധനം നടത്തി വരുന്നുണ്ട്. കൂടാതെ ചെറുമത്സ്യങ്ങളെ പിടിക്കുന്നതും കടത്തുന്നതും ക്രയവിക്രയം നടത്തുന്നതും തടയുന്നതിനും നിരോധിക്കുന്നതിനും അപ്രകാരം പ്രവർത്തിക്കുന്നതിന് പെനാലിറ്റി ചുമത്തുന്നതിനും കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് 4-ാം വകുപ്പ് അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

116 (121) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് മത്സ്യത്തൊഴിലാളി സമൂഹത്തെ ദോഷകരമായി ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly